നാകാൻ സന്നദ്ധനാണെന്നു പറഞ്ഞിട്ടും എന്തു കാരണം കൊണ്ടാണു് ഗവണ്മെന്റു് അതിനു മുതിരാത്തതു് ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അതേപ്പറ്റി ആഭ്യന്തരമന്ത്രിയാണു് മറുപടി പറയേണ്ടതു്.

ശ്രീ. കെ. എം. മാണി : ഇതേസംബന്ധിച്ചു് ബഹുമാനപ്പെട്ട കൃഷിമന്ത്രി ഒരു കേസ്സു് ഫയൽ ചെയ്യുവാൻ ഉദ്ദേശിക്കുന്നുവെന്നും, താൻ രാജി വയ്ക്കുവാൻ തയാറാണെന്നും പറഞ്ഞിട്ടു് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോഴും രാജിവയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? ഇതിൽ എന്തു നടപടികളാണു് കൈക്കൊള്ളുവാൻ പോകുന്നതെന്നു് പറയാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അതിനെപ്പറ്റി ഒരു അവസാന തീരുമാനം എടുത്തതിനുശേഷം മാത്രമെ മറുപടി പറയാൻ സാധിക്കുകയുള്ളു.

പ്രൈവറ്റു് കോളേജദ്ധ്യാപകസമരം

* 183. [677] ശ്രീ. പി. എൻ. ചന്ദ്രസേനൻ :
,, ജ. ഗോപിനാഥൻപിള്ള :
,, കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാത്തിമാ കോളേജു് സമരത്തെ തുടർന്നു് പ്രൈവറ്റു കോളേജദ്ധ്യാപകർ ആരംഭിച്ചിരുന്ന സമരപരിപാടികളും സംസ്ഥാനത്തു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ, വിശേഷിച്ചു് കോളേജുകളുടെ പ്രവർത്തനം സ്തംഭിപ്പിച്ചതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പരിതഃസ്ഥിതിക്കു കാരണമായ സംഭവങ്ങളെപ്പറ്റി അന്വേഷണം നടത്തുമോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) :

(എ) ചില പ്രൈവറ്റു് കോളേജിലെ അദ്ധ്യാപകന്മാർ പണിമുടക്കിയതു് കാരണം പ്രവർത്തനം ശരിയായി നടന്നിട്ടില്ല.

(ബി) സമരം ഒത്തുതീർപ്പായതുകൊണ്ടു് അന്വേഷണം ആവശ്യമാണെന്നു് തോന്നുന്നില്ല.

ശ്രീ. പി. എൻ. ചന്ദ്രസേനൻ : അതിലെ ഒത്തുതീർപ്പു് വ്യവസ്ഥകളും എന്തെല്ലാമാണെന്നു പറയാമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : അതു് വളരെ ദീർഘമായ ഒരു പട്ടികയാണു്. ഒത്തുതീർപ്പു വ്യവസ്ഥകളും പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണു്. പിന്നെ ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുകയാണെങ്കിൽ ഒത്തുതീർപ്പു് വ്യവസ്ഥകളും മേശപ്പുറത്തുവയ്ക്കാവുന്നതാണു്.

ശ്രീ. ജി. ഗോപിനാഥൻപിള്ള : ഒത്തുതീർപ്പു് വ്യവസ്ഥകളും ഉണ്ടായതിനു ശേഷവും മാനേജ്മെന്റു് അദ്ധ്യാപകന്മാരുടെ മേൽ പ്രതികാരനടപടികളും എടുക്കുന്നതായി അറിയാമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : അറിഞ്ഞുകൂടാ.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : കോളേജു് അധികൃതർ അസാന്മാർഗ്ഗികളായ ആളുകളെ എടുത്തു് അദ്ധ്യാപകന്മാരെയും വിദ്യാർത്ഥികളെയും ആക്രമിപ്പിച്ചുവെന്നുള്ള പരാതിയുണ്ടായിട്ടുള്ളതായി ഗവണ്മെന്റിനറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : അങ്ങനെയൊരു പരാതിയുണ്ടായിട്ടുണ്ട്. എന്തായാലും ഇക്കാര്യത്തിൽ ഒരു ഒത്തുതീർപ്പ് ഉണ്ടായതുകൊണ്ട് അതു സംബന്ധിച്ച് ഒരു പോസ്റ്റുമാർട്ടം നടത്തുന്നതു് ശരിയായിരിക്കുകയില്ല.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള : കോളേജുകളിലുണ്ടായ സമരങ്ങളോടനുബന്ധിച്ച് വിദ്യാർത്ഥികളുടെ മേൽ ചാർജ് ചെയ്തിട്ടുള്ള കേസ്സുകൾ പിൻവലിക്കുന്നതിനെപ്പറ്റി വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ? വിദ്യാർത്ഥികളുടെ മേൽ ചാർജ്ജ് ചെയ്തിട്ടുള്ള കേസ്സുകൾ പിൻവലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : കേസ്സുകൾ പിൻവലിക്കുന്നതിനെ സംബന്ധിച്ച് പെട്ടെന്ന് ഞാൻ പറയുന്നതു് ശരിയായിരിക്കുകയില്ല. ഇപ്പോൾ ഞാൻ അക്കാര്യത്തെ സംബന്ധിച്ച് ഒന്നും പറയാൻ വിചാരിക്കുന്നില്ല.

ശ്രീ. എ. പി. കുര്യൻ : കൊല്ലം ഫാത്തിമാമാതാ കോളേജിലെ സമരം ഒത്തുതീർപ്പിലായതുപോലെ കാലടിയിലെ ശ്രീ ശങ്കരാചാര്യ കോളേജിലുണ്ടായിട്ടുള്ള സമരവും ഒത്തുതീർപ്പിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : അതുസംബന്ധമായ അനുരഞ്ജനശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. എ. പി. കുര്യൻ : അവിടെ അനുരഞ്ജനത്തിനുവേണ്ടി നിയമിച്ചിട്ടുള്ള അച്യുതൻനായരുടെ നിർദ്ദേശം മാനേജ്മെന്റ് നിരാകരിച്ചതായിട്ടറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : അച്യുതൻനായരുടെ നിർദ്ദേശം മാനേജ്മെന്റ് നിരാകരിച്ചുവെന്ന തരത്തിൽ പറയാറായിട്ടില്ല. അവിടെ അനുരഞ്ജനത്തിനുള്ള പരിശ്രമം നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. എ. പി. കുര്യൻ : കഴിഞ്ഞ രണ്ടുമൂന്നു് മാസമായി കാലടിയിലെ ശ്രീ ശങ്കരാചാര്യ കോളേജ് അടച്ചിട്ടിരിക്കുകയാണു്. അതുകൊണ്ട് അവിടെ അടിയന്തിരമായ നടപടികൾ നടത്തുന്നതിനു് ഗവണ്മെന്റ് നേരിട്ട് പരിശ്രമം നടത്തുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : അനുരഞ്ജനം എന്നു പറയുന്നതു് ഗവണ്മെന്റ് നേരിട്ടു നടത്തുന്നതു തന്നെയാണു്.

ശ്രീ. കെ. എം. മാണി : കൊല്ലം ഫാത്തിമാ മാതാ കോളേജിൽ സമരം ഉണ്ടായപ്പോൾ അവിടെയുള്ള ഫ്രാൻസിസ്കൻ സന്യാസിയുടെ മഠം നശിപ്പിക്കുകയും ദേവാലയത്തിലെ തിരുസ്വരൂപവും വിശുദ്ധഗ്രന്ഥവുമെല്ലാം നശിപ്പിക്കുകയും ചെയ്തിലിലെ മറ്റൊരു പള്ളിയും ആക്രമിച്ചതായും അറിയാമോ? ഇതിന്റെ മേൽ ഒരു പരസ്യാന്വേഷണം നടത്തുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : അതു് പത്രത്തിൽ കാണുകയുണ്ടായി. അതിനപ്പറ്റി വിദ്യാഭ്യാസമന്ത്രിയെന്നുള്ള നിലയിൽ ഉത്തരം പറയുന്നതു് ശരിയായിരിക്കുകയില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇപ്പോൾ പല കോളേജുകളിലും സമരം ഉണ്ടാകുകയും പ്രവർത്തനം സ്തംഭിക്കുകയും ചെയ്യുന്നു. അദ്ധ്യാപകന്മാർക്ക് സുരക്ഷിതത്വം കൊടുക്കുന്ന യൂണിവേഴ്സിറ്റി ആക്ടിലെ വകുപ്പ് ഹൈക്കോടതി റദ്ദാക്കിയതിന്റെമേൽ സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കുന്നതിനു് ഗവണ്മെന്റ് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : ഈ സംഭവങ്ങളെല്ലാം ഉണ്ടായതു് നിയമം കോടതിയിൽ ചോദ്യം ചെയ്യപ്പെട്ട ഘട്ടത്തിലാണു്, അദ്ധ്യാപകന്മാരുടെ സുരക്ഷിതത്വത്തെ ബാധിക്കുന്ന ചില വകുപ്പുകൾ കോടതിയിൽ നിന്നും റദ്ദാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിനു് എന്തു വേണമെന്നുള്ളതിനെപ്പറ്റി ഗവണ്മെൻറു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. എം. ജോർജ്ജു് : കൊല്ലം ഫാത്തിമാ മാതാ കോളേജിൽ ഉണ്ടായ സമരത്തെത്തുടർന്നു് നടത്തിയ അനുരഞ്ജന സംഭാഷണത്തിലെടുത്ത തീരുമാനം ആദ്യം മാനേജ്മെൻറും ടീച്ചിംഗ്സും സമ്മതിക്കുകയും അതു തീരുമാനം തന്നെ ഏതാനും ആഴ്ചകൾക്കുശേഷം സമ്മതിക്കുകയും ചെയ്യുവെന്നു് അറിയുന്നതു് ശരിയാണോ? ആദ്യം തീരുമാനം എടുത്തപ്പോൾ സമ്മതിച്ചു അവിടെ വച്ചു് സമരം അവസാനിപ്പിക്കാതെ തുടർന്നു കൊണ്ടുപോയതു എന്തുകൊണ്ടാണു്?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : ഇതു് വ്യാഖ്യാനത്തെ സംബന്ധിച്ചുള്ള ഒരു പ്രശ്നമാണു്. ആദ്യത്തെ ഡ്രാഫ്റ്റും പിന്നീടുള്ള ഡ്രാഫ്റ്റും തമ്മിൽ ചില വ്യത്യാസമുണ്ടെന്നു സൂക്ഷ്മദൃഷ്ടിയോടുകൂടി നോക്കിയാൽ കാണാം ആദ്യം അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നുകിലും പിന്നീടു് അഭിപ്രായവ്യത്യാസം ഇല്ലാതാകുകയും സമരം പിൻവലിക്കുകയും ചെയ്തു.

ശ്രീ കെ. എം. ജോർജ്ജു് : കൊല്ലം കോളേജിലും കാലടി കോളേജിലും കയറി അക്രമം പ്രവർത്തിച്ചതു് ഈ കോളേജുമായി യാതൊരു ബന്ധവുമില്ലാത്ത തോട്ടം തൊഴിലാളികളും അതു പോലെയുള്ള കുറെയാളുകളുമായിരുന്നു. നേരത്തെ ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അസാമാന്യരികമായവരൊന്നല്ല എനിക്കു് പറയുവാൻ തോന്നുന്നതു് റൗഡിസം പ്രവർത്തിക്കുന്ന ചിലയാളുകളാണു് എനിക്കു് പറയുവാൻ തോന്നുന്നതു്, അങ്ങനെയുള്ളവരാണു് കോളേജിൽ കയറി അക്രമം പ്രവർത്തിച്ചതെന്നുള്ളതിനെപ്പറ്റി ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത്തരം സംഭവങ്ങൾ ഇനിമേലിലുണ്ടാകുന്നതിനുവേണ്ടി നടപടികൾ ഗവണ്മെൻറിൽ നിന്നുണ്ടാകുമോ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : ഇക്കാര്യങ്ങളെ സംബന്ധിച്ചു് ചില കേസ്സുകൾ നിലവിലുള്ളതുകൊണ്ടു് ഇതിനെപ്പറ്റി ഒരു അഭിപ്രായം പറയുന്നതു് ശരിയായിരിക്കുകയില്ല.

ശ്രീ. കെ. ടി. ജേക്കബ്ബു് : കോതമംഗലം അത്തനേഷ്യസു് കോളേജിൽ സംഘട്ടനവും മറ്റും ഉണ്ടായതു് ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ സി. എച്ചു്. മുഹമ്മദുകോയ : ഇപ്പോൾ ശ്രദ്ധയിൽപ്പെട്ടു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അദ്ധ്യാപകന്മാരുടെ സമരത്തിൽ ശ്രീ. കെ. എം. ജോർജ്ജു് പറഞ്ഞതുപോലെയല്ലാതെ മറുവശത്തുള്ള ആളുകളാണു് അക്രമം പ്രവർത്തിച്ചതെന്നുള്ള കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ സി. എച്ചു്. മുഹമ്മദുകോയ : ശ്രീ. കെ. എം. ജോർജ്ജു് അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. എന്തായാലും ആ പ്രശ്നം ഇപ്പോൾ ഒത്തുതീർപ്പിലായതുകൊണ്ടു്, അതിനെപ്പറ്റി ഒന്നും പറയുവാൻ വിചാരിക്കുന്നില്ല.

ശ്രീ എ പി കുര്യൻ : അദ്ധ്യാപകന്മാർ സമാധാനപരമായ സമരം നടത്തിക്കൊണ്ടിരുന്നപ്പോൾ കേരളാകോൺഗ്രസ്സിലേയും കോൺഗ്രസ്സിലേയും ആളുകൾ അവിടെ പരസ്യമായ കടന്നാക്രമിക്കുകയും അഴിഞ്ഞാട്ടവും അക്രമ പ്രവർത്തനവും നടത്തിയതായും ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : അക്കാര്യങ്ങളെല്ലാം തന്നെ രാഷ്ട്രീയമായ വീക്ഷണത്തിൽ കൂടി ഗവണ്മെൻറു നോക്കുന്നില്ല.

ശ്രീ. കെ. എം. ജോർജ്ജു് : വിദ്യാർത്ഥിനി വിദ്യാർത്ഥികളെ ഫീസും കൊടുത്തു് കോളേജിൽ അയക്കുന്നതു് പഠിപ്പിക്കാനാണെന്നും അവർക്കു് സുരക്ഷിതമായിട്ടി

LIBRARY ARCHIVES Kerala Legislative Assembly

ന്നു് പഠിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണമെന്നും പറഞ്ഞുകൊണ്ടു് രക്ഷ കർത്താക്കൾ മുമ്പോട്ടു വന്നപ്പോഴാണു് സമരം അവസാനിപ്പിച്ചതെന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : ചോദ്യവും ഉത്തരവുമെല്ലാം ചോദ്യങ്ങളുടെ രൂപത്തിൽ തന്നെ ഇപ്പോൾ കൊടുക്കുന്നുണ്ടു്.

ശ്രീ. ബി. മാധവൻ നായർ : നിരവധി തവണ സമരവും പണിമുടക്കും മറ്റു കാരണങ്ങളാലും കോളേജു കുറെ അടച്ചിടുകയുണ്ടായി. അതുകൊണ്ടു് ഇത്തവണത്തെ എക്സാമിനേഷന്റെ തീയതി നീട്ടിക്കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : അതു് സർവ്വകലാശാല ശ്രദ്ധിക്കേണ്ട ഒരു കാര്യമാണു്. എങ്കിലും എക്സാമിനേഷന്റെ തീയതി നീട്ടിക്കൊടുക്കുന്നതുകൊണ്ടു് എന്തു പ്രശ്നങ്ങളും ഉണ്ടാകുമെന്നുകൂടി നോക്കേണ്ടതാണു്.

ഓവർ ഡ്രാഫ്റ്റു്

* 184. [678] ശ്രീ. ജെ. കമലിയാസ് മൈറായിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂമന്ത്രി ദയവു മുപടി നൽകുമോ :

(എ) ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം മാരോ വർഷവും ഓവർ ഡ്രാഫ്റ്റു് എടുത്ത തുക എത്ര ;

(ബി) ഓവർ ഡ്രാഫ്റ്റു് ആയി എടുത്ത ഇനങ്ങളിൽ ഇനി തിരിച്ചടക്കേണ്ട തുക എത്ര ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം എടുത്തിട്ടുള്ള ഓവർ ഡ്രാഫ്റ്റു് താഴെ പറയുന്ന വിധമാണു്.

1967–68	ഒന്നും എടുത്തിട്ടില്ല.
1968–69	30.06 കോടി
1969–70	2.18 കോടി

(ബി) ഓവർഡ്രാഫ്റ്റു് ഇനത്തിൽ യാതൊരു തുകയും ഇപ്പോൾ തിരിച്ചടക്കാൻ ഇല്ല.

ശ്രീ. ജെ. കമലിയാസ് മൈറായിസ് : ഓവർ ഡ്രാഫ്റ്റു് എടുക്കുന്നതു് വികസനപരമായ കാര്യങ്ങൾക്കു വേണ്ടിയാണോ അതോ നോൺപ്രൊഡക്ടീവു് ചെലവുകൾക്കു വേണ്ടിയാണോ എന്നു പറയാൻ കഴിയുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഓവർ ഡ്രാഫ്റ്റു് എടുക്കുന്നതു് ഗവണ്മെൻറിന്റെ പ്രവർത്തനത്തിൽ അക്കാമഡേഷനു വേണ്ടിയാണു്. അതിൽ പ്ലാൻ സ്കീമുകളും നോൺപ്ലാൻ സ്കീമുകളും ഉൾപ്പെടും.

ശ്രീ. കെ. കരുണാകരൻ : ഓവർഡ്രാഫ്റ്റു് എടുക്കുന്നതു് ഡവലപ്പുമെൻറൽ വർക്കുകൾക്കു വേണ്ടിയാണോ അതോ നോൺ ഡവലപ്പുമെൻറൽ വർക്കുകൾക്കു വേണ്ടി യാണോ ?

ശ്രീമതി കെ. ആർ ഗൗരി : അതുതന്നെയാണു് ഞാൻ ഇപ്പോൾ പറഞ്ഞതു്. ഗവണ്മെൻറിന്റെ പ്രവർത്തനത്തിൽ അക്കാമഡേഷനുവേണ്ടിയാണു് ഓവർ ഡ്രാഫ്റ്റു് എടുക്കുന്നതു്. അതിൽ ഡവലപ്പുമെൻറലും നോൺ ഡെവലപ്പുമെൻറലും വരും. നമ്മുടെ കൺസോളിഡേറ്റഡ് ഫണ്ടിൽ പണം ഇല്ലാതെ വരുമ്പോഴാണു് ഓവർഡ്രാഫ്റ്റു് എടുക്കുന്നതു്. അപ്പോൾ രണ്ടു വിധത്തിലും ചെലവുകൾ,

LIBRARY ARCHIVES Kerala Legislative Assembly